സീറ്റ് എന്ന നിലയിലാണ് വർദ്ധനവ് വരുത്തിയിരിക്കുന്നത്. ഏറ്റവും ഗുണ മേന്മയോടുകൂടിയ കോഴ്സുകൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ക്രമീകരിച്ചുകൊണ്ട് കുട്ടികൾക്ക് മികച്ച പഠനസൗകര്യങ്ങൾ ഒരുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ചുരുക്കം ചില കോഴ്സുകൾക്ക് ഇവിടെ അവസരമില്ലാത്തതിനാൽ സംസ്ഥാനത്തിന് പുറത്തുപോയി പഠിക്കാൻ കഴിയുന്ന സാഹചര്യം വരുന്നുണ്ട്. ആയത് പരിശോധിച്ച് പുതിയ സാഹചര്യത്തിനനുസരിച്ചുള്ള കോഴ്സുകൾ കൂടി സംസ്ഥാനത്ത് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, അത്തരം ന്യൂജനറേഷൻ കോഴ്സുകൾ കോളേജുകളിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും അതിന് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടുതലായി ഏതെങ്കിലും മേഖലകളിൽ കോഴ്സുകൾ ആരംഭി ക്കേണ്ടതുണ്ടെങ്കിൽ ആയത് ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടനെ ഏറ്റെടുക്കാൻ കഴിയു ന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2 രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജലഗതാഗത വികസനം

5 (*395) ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളിലെ വർദ്ധിച്ചുവരുന്ന തിരക്ക് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ താരതമ്യേന അന്തരീക്ഷ മലിനീകരണവും ചെലവും കുറഞ്ഞ ജലഗതാഗതം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ജലഗതാഗത വിപുലീകര ണത്തിന് മുൻ ഉപാധിയായ അതിവേഗ ബോട്ടുകളും സുരക്ഷിത യാത്രയും ഏർപ്പെടുത്താൻ പരിപാടിയുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്. കേരളത്തിലെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിലാണ് സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസുകൾ നടത്തുന്നത്. പാസഞ്ചർ സർവ്വീസുകൾക്ക് പുറമേ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകളും വകുപ്പ് നടത്തുന്നുണ്ട്. ജലഗതാഗത രംഗത്ത് നൂതന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാബോട്ട് ഇന്ത്യയിൽ തന്നെ ആദ്യമായി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, പ്രവർത്തന ചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യത്തോടുകൂടി ആരംഭിച്ച ടി സോളാർ ബോട്ടിന്റെ പ്രവർത്തനം വൻവിജയമായതിനെത്തുടർന്ന് കൂടുതൽ സോളാർ ബോട്ടുകൾ വകുപ്പിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വൈക്കത്തുനിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിലും, സ്വച്ഛമായും റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും, സ്വദേശികളും, വിദേശികളുമായ ടൂറിസ്റ്റുകൾക്കും, യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി ടി റൂട്ടിൽ ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടിന്റെ ഉദ്ഘാടനം 4-11-2018-ൽ നിർവ്വഹിച്ചു. ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്ന ഉദ്ദേശത്തോടെയും കോട്ടയത്തുനിന്നും ആലപ്പുഴയ്ക്ക് വരുന്ന യാത്രക്കാർക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിൽ എത്തുന്നതിനും, ആലപ്പുഴ- കുമരകം-കോട്ടയം റൂട്ടിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള വേഗത കൂടിയ ഒരു കാറ്റമറൈൻ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് നിർമ്മാണം പൂർത്തിയാക്കി 8-3-2020-ൽ ഉദ്ഘാടനം നടത്തി. പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടാണ് വകുപ്പിന്റെ ബോട്ടുകൾ സർവ്വീസ് നടത്തുന്നത്. ബോട്ടപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കുമായി കേരളാ ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും വകുപ്പിലെ ബോട്ടുകൾ പാലിച്ചുവരുന്നു. യാത്രക്കാർക്കും ജീവനക്കാർക്കുമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയി, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നിവ എല്ലാ ബോട്ടുകളിലും സജ്ജീകരിച്ചിട്ടുണ്ട്. കേരള തുറമുഖ വകുപ്പിന്റെ ഫിറ്റ്നസ് പരിശോധനയ്ക്കും അതുവഴി ലഭിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾക്കും വിധേയമായി മാത്രമാണ് വകുപ്പ് ബോട്ട്സർവ്വീസ് നടത്തിവരുന്നത്. സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി ബോട്ടുകൾ യഥാസമയം പരിശോധനകൾ നടത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി വകുപ്പിന്റെ മെക്കാനിക്കൽ വിഭാഗത്തിന്റെയും യാർഡുകളുടെയും സേവനം പ്രയോജനപ്പെടുത്തിവരുന്നു. ബോട്ടുകളും സ്റ്റേഷനുകളും തമ്മിൽ ആശയവിനിമയത്തിനും സുരക്ഷയ്ക്കുമായി ബോട്ടുകളിൽ സി.യു.ജി. ഫോൺ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർക്കും യാത്രക്കാർക്കും കേരള സ്റ്റേറ്റ്

ഇൻഷ്വറൻസ് വകുപ്പുവഴി ഇൻഷ്വറൻസ് പോളിസി പരിരക്ഷയും ബോട്ടുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസും വകുപ്പ് ഉറപ്പാക്കിയിട്ടുള്ളതാണ്. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജലമലിനീകരണം എന്നിവ സംബന്ധിച്ച ബോധവത്കരണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ ടെലിവിഷനുകളും സജ്ജീകരിച്ചിട്ടുണ്ട്. ദേശീയ പാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കുന്നതിനായി ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം നടപ്പിൽവരുത്തുന്നതിന് കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷന്റെ കീഴിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉൾനാടൻ ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം നടപ്പിൽവരുത്തുന്നതിനുള്ള പ്രവൃത്തികൾ ധ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു. പശ്ചിമതീര കനാലിന്റെ കോവളം മുതൽ ബേക്കൽ വരെയുള്ള 616 കി. മീ. വികസനം 2025 ഓടുകൂടി പൂർത്തിയാകുന്നതോടെ 500 മെട്രിക് ടണ്ണിന് മുകളിലുള്ള ചരക്ക് ഗതാഗതം പ്രാവർത്തികമാകുന്നതാണ്. പ്രസ്തുത ഉൾനാടൻ ജലഗതാഗതംമൂലം ഹസാർഡസ് മെറ്റീരിയൽസിന്റെ ട്രാൻസ്പോർട്ടേഷൻ അപകടരഹിതമായ രീതിയിൽ നടത്തുവാനും ട്രാൻസ്പോർട്ടേഷൻ കോസ്റ്റ് ഗണ്യമായി കുറയ്ക്കുവാനും സാധിക്കും.

(ബി) വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ബോട്ടുകളും വാട്ടർ ടാക്സി സംവിധാനവും ഏർപ്പെടുത്തുമോ?

വൈക്കത്ത് നിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിലും റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും സ്വച്ഛമായും സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകൾക്കും യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി ടി റൂട്ടിൽ ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടിന്റെ ഉദ്ഘാടനം 4-11-2018-ൽ നിർവ്വഹിച്ചു. വിനോദസഞ്ചാരവും അതോടൊപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡെക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് സീ-കുട്ടനാട് എന്ന പേരിൽ സർവ്വീസ് ആരംഭിച്ചു. പയ്യന്നൂർ മേഖലയിൽ അത്യാധുനിക സൗകര്യങ്ങളുള്ള ബോട്ട് ഏർപ്പെടുത്തിക്കൊണ്ട് നിലവിലുണ്ടായിരുന്ന സർവ്വീസ് ടൂറിസ്റ്റ് ഫ്രണ്ട്‌ലി സർവ്വീസാക്കി നടത്തിവരുന്നു. ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള വേഗത കൂടിയ ഒരു കാറ്റമറൈൻ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് നിർമ്മാണം പൂർത്തിയാക്കി 8-3-2020-ൽ ഉദ്ഘാടനം നടത്തി. ഇതുവഴി ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്ന ഉദ്ദേശത്തോടെയും കോട്ടയത്തുനിന്നും ആലപ്പുഴയ്ക്ക് വരുന്ന യാത്രക്കാർക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിൽ എത്തുന്നതിനും സാധിക്കുന്നു. ഇന്ത്യയിലെ തന്നെ ആദ്യ സംരംഭമെന്ന നിലയിൽ 4 വാട്ടർ ടാക്സി നിർമ്മാണം ആരംഭിക്കുകയും ഇവയിലെ ആദ്യത്തെ ബോട്ടിന്റെ ഉദ്ഘാടനം 15-10-2020-ലും രണ്ടാമത്തെ ബോട്ടിന്റെ ഉദ്ഘാടനം 4-1-2021-ലും നടത്തുകയും ചെയ്തു. ടി ബോട്ടുകൾ യഥാക്രമം ആലപ്പുഴയിലും, പറശ്ശിനിക്കടവിലും സർവ്വീസ് നടത്തിവരുന്നു. മൂന്നും,നാലും ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി ജലഗതാഗത സാധ്യതകളും ടൂറിസം സാധ്യതകളും സംബന്ധിച്ച് അടിയന്തര പ്രാധാന്യത്തോടെ പഠനങ്ങൾ നടത്തിവരുന്നു. വേഗതയേറിയതും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെയും ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിക്കുന്നതിന്റെയും ഭാഗമായി 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ആസിഡ് പോലുള്ള അപകടകരമായ ചരക്കുകളുടെ ഗതാഗതത്തിന് കൂടുതൽ സുരക്ഷിത മാർഗ്ഗമെന്ന നിലയിൽ ജലമാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തിന് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ജലപാത പൂർണ്ണതോതിൽ സജ്ജമാകുന്നതോടെ ആസിഡ് പോലുള്ള ചരക്ക് ഗതാഗതത്തിന് ഏറ്റവും കൂടുതൽ സുരക്ഷിത പാതയായിരിക്കും. ചവറ, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ.) കമ്പനിക്ക് സമീപം ഹൈഡ്രോക്ലോറിക് ആസിഡും ഫർണസ് ഓയിലും അൺലോഡ് ചെയ്യുവാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആസിഡ് കൊണ്ടുപോകുന്നതിന് ഒരു ബാർജ് നിലവിൽ കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ (കെ.എസ്.ഐ.എൻ.സി.)-ക്കുണ്ട്. മറ്റൊരെണ്ണം പണി പൂർത്തിയായിവരുന്നുണ്ട്. കൂടാതെ എഫ്.എ.സി.റ്റി.-ക്ക് വേണ്ടിയുള്ള അസംസ്കൃത വസ്തുക്കൾ കടത്തുന്നതിന് രണ്ടും പെട്രോളിയം ഉൽപ്പന്നങ്ങൾ കടത്തുന്നതിന് നാലും ബാർജുകൾ കമ്പനിക്കുണ്ട്.